LIBRARY ARCHIVES Kerala Legislative Assembly

ഗുരുമന്ദിരങ്ങൾ തകർത്ത സംഭവം

53 [1527] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ പന്തളം നിയോജകമണ്ഡലത്തിൽപ്പെട്ട താമരക്കുളം പഞ്ചായത്തിലെ പച്ചക്കാട് എസ്. എൻ. ഡി. പി. ശാഖയുടെ ഉടമസ്ഥതയിലുള്ള ഗുരുമന്ദിരവും വള്ളിക്കുന്ന് പഞ്ചായത്തിലേയും, പാംപുമ്പയിലേയും ഗുരുമന്ദിരങ്ങളും തകർത്തതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ അതിക്രമത്തിന് പിന്നിലുള്ള ഗൂഢാലോചന എന്തായിരുന്നുവെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ കേസുമായി ബന്ധപ്പെട്ട് ഒന്നാം പ്രതിയെ നാളിതുവരെ അറസ്റ്റു ചെയ്തിട്ടില്ലെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

(ഡി) ഈ അക്രമത്തിന് സംസ്ഥാനാന്തര ബന്ധമുണ്ടെന്നുള്ള ആരോപണം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) താമരക്കുളം പഞ്ചായത്തിലെ പച്ചക്കാട് 2936-ാം നമ്പർ ഗുരുമന്ദിരത്തിന് കേടുവരുത്തി നാശനഷ്ടം വരുത്തിയതിന് നൂറനാട് പോലീസ് സ്റ്റേഷനിൽ ക്രൈം 361/03 നമ്പരായി സെക്ഷൻ 447, 427, 153 (എ) ഐ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ഒന്നാം പ്രതി ജലാലുദ്ദീൻ, മൂന്നാം പ്രതി കലാം എന്നിവരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണ്. രണ്ടാം പ്രതി സിറാജിനെ അന്വേഷിച്ചുവരുന്നു.

വള്ളിക്കുന്നം എസ്. എൻ. ഡി. പി. 2200-ാം നമ്പർ ഗുരുമന്ദിരത്തിനും ഗുരുപ്രതിമയ്ക്കും കേടുവരുത്തി 1,25,000 രൂപയുടെ നഷ്ടം വരുത്തിയത് സംബന്ധിച്ച് വള്ളിക്കുന്നം പോലീസ് സ്റ്റേഷനിൽ ക്രൈം 222/03 നമ്പരായി സെക്ഷൻസ് 447, 427, 153 (എ) ഐ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും അന്വേഷണത്തിൽ ജലാലുദ്ദീൻ, കലാം, ദാവൂദ് എന്നിവരെ അറസ്റ്റ്ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും രണ്ടാം പ്രതിയായ സിറാജിനെപ്പറ്റി അന്വേഷിച്ചുവരുന്നതുമാണ്. കൂടാതെ മാവേലിക്കര എസ്. എൻ. ഡി. പി. യൂണിയന്റെ ഗുരുമന്ദിരങ്ങൾ തകർത്തത് സംബന്ധിച്ച പരാതിയിൻമേൽ ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തുന്നുണ്ട്. ഗൂഢാലോചന ഉൾപ്പെടെയുള്ള കാര്യങ്ങൾ അന്വേഷിക്കുന്നുണ്ട്.